LIBRARY ARCHIVES Kerala Legislative Assembly

(20) വടക്കാഞ്ചേരിയിലെ മിനി സിവിൽസ്റ്റേഷൻ നിർമ്മാണം

ശ്രീ. എ. സി. മൊയ്തീൻ: തലപ്പിള്ളി താലൂക്ക് ആസ്ഥാനമായ വടക്കാഞ്ചേരിയിൽ മിനി സിവിൽസ്റ്റേഷന്റെ നിർമ്മാണപ്രവർത്തനങ്ങളെ സംബന്ധിച്ചുള്ള ആവശ്യം വർഷങ്ങളായി ഉള്ളതാണ്. ബഡ്ജറ്റ് നിർദ്ദേശങ്ങളിലുള്ള ഭരണാനുമതികളുടെ പ്രവൃത്തി ഇന്നുവരെ നടത്താനായിട്ടില്ല. ഈ പ്രവൃത്തി ഉടനെ നടത്തണം. താലൂക്ക് ഓഫീസ് കോമ്പൗണ്ടിൽ ഇഷ്ടം പോലെ സ്ഥലമുണ്ട്. മൂന്ന് നിയോജകമണ്ഡലങ്ങളിലെ അതിർത്തിയുള്ള സ്ഥലമാണ് തലപ്പിള്ളി താലൂക്ക്. ആ മിനി സിവിൽസ്റ്റേഷന്റെ നിർമ്മാണപ്രവർത്തനം അടിയന്തിരമായി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കണം.

മരാമത്തുവകുപ്പുമന്ത്രിക്കുവേണ്ടി വിദ്യാഭ്യാസ വകുപ്പുമന്ത്രി *(ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ)*: തലപ്പിള്ളി താലൂക്ക് ആസ്ഥാനമായ വടക്കാഞ്ചേരിയിൽ മിനി സിവിൽ സ്റ്റേഷൻ നിർമ്മിക്കുന്നതിന് ആർക്കിടെക്ച്ചറൽ ഡ്രായിംഗ് തയ്യാറാക്കിയിട്ടുണ്ട്. മൂന്ന് നിലകളായിട്ടാണ് കെട്ടിടം രൂപകൽപ്പന ചെയ്തിരിക്കുന്നത്. 270 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ്സ് തയ്യാറാക്കിയിട്ടുണ്ട്. 2005-2006-ലെ ബഡ്ജറ്റിൽ 5 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഭരണാനുമതി നൽകി പണികൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(21) വിധവാ പെൻഷൻ വർദ്ധിപ്പിക്കുക, അവർക്ക് ക്ഷേമനിധി ഏർപ്പെടുത്തുക തുടങ്ങിയ ആവശ്യങ്ങൾ

ശ്രീ. എം. മുരളി: നമ്മുടെ സംസ്ഥാനത്ത് ഇന്ന് പതിനഞ്ച് ലക്ഷത്തോളം വിധവകളുണ്ട്. ഈ വിധവകളുടെ ക്ഷേമപ്രവർത്തനങ്ങൾക്കും സംരക്ഷണത്തിനുമായി ഒരു പ്രത്യേക ക്ഷേമനിധി രൂപീകരിക്കാൻ സർക്കാർ തയ്യാറാകണമെന്ന് ആവശ്യപ്പെടുകയാണ്. അവർക്ക് ഇന്ന് നല്കുന്ന 110 രൂപയുടെ വിധവാ പെൻഷൻ 500 രൂപയായി വർദ്ധിപ്പിക്കുകയും സൗജന്യ ചികിത്സാ സഹായം, നിയമസഹായം തുടങ്ങിയവ ലഭ്യമാക്കുകയും വൈദ്യുതി കണക്ഷൻ നല്കുന്ന കാര്യത്തിൽ പ്രത്യേക പ്രയോറിറ്റി നൽകുകയും ചെയ്യണം. ഇവരുടെ അവിവാഹിതരായ പെൺമക്കളുടെ വിവാഹത്തിന് തദ്ദേശ ഭരണസ്ഥാപനങ്ങളിലൂടെ നല്കുന്ന സാമ്പത്തിക സഹായം വർഷങ്ങൾ കഴിഞ്ഞ് മാത്രമേ കൊടുക്കുന്നുള്ളൂ. അത് വിവാഹത്തിന് മുമ്പ് നൽകാനുള്ള കർശനമായ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രിക്കുവേണ്ടി ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി *(ശ്രീ. വക്കം പുരുഷോത്തമൻ)*: ബഹുമാനപ്പെട്ട മെമ്പർ ഉന്നയിച്ചതല്ലാതെയും ചില കാര്യങ്ങൾ ഇവിടെ പറഞ്ഞു. വിധവാ പെൻഷന്റെ കാര്യം ഞാൻ പരിശോധിച്ചു. 110 രൂപയാണ് കൊടുക്കുന്നത്. പക്ഷേ എണ്ണത്തിൽ കൂടുതൽ ആയതുകൊണ്ടാണ് നമുക്ക് വർദ്ധിപ്പിക്കാൻ കഴിയാത്തത്. അവർക്ക് കൂടുതൽ കൊടുക്കണമെന്ന് ഗവൺമെന്റിന് ആഗ്രഹമുണ്ട്. പക്ഷേ ഇപ്പോൾ തന്നെ രണ്ടര ലക്ഷം വിധവകൾ പെൻഷൻ വാങ്ങുന്നുണ്ട്. അതിൽ തന്നെ ഒരു വർഷം 32 കോടിയിൽ കൂടുതൽ ഇപ്പോൾ കൊടുത്തുകൊണ്ടിരിക്കുകയാണ്. കൂടുതൽ നൽകണമെന്ന്

ആഗ്രഹമുണ്ടെങ്കിലും ഇതിൽ കൂടുതൽ തുക നമുക്ക് കണ്ടെത്താൻ കഴിയുന്നില്ല. എന്നാലും ഇതിനെക്കുറിച്ചും പരിശോധിക്കാം.

(22) മല്ലപ്പള്ളി താലൂക്കിൽ മുനിസിഫ് മജിസ്ട്രേറ്റ് കോടതി അനുവദിക്കണമെന്ന ആവശ്യം

ശ്രീ. ജോസഫ് എം. പുതുശ്ശേരി: മല്ലപ്പള്ളി താലൂക്കിൽ മുൻസിഫ് മജിസ്ട്രേറ്റ് കോടതി സ്ഥാപിക്കണമെന്നുള്ളതാണ് എനിക്ക് ഉന്നയിക്കാനുള്ളത്. കേരളത്തിൽ കോടതി ഇല്ലാത്ത ഏക താലൂക്കാണ് മല്ലപ്പള്ളി. തിരുവല്ല കോടതിയുടെ കീഴിലാണ്. കേസിന്റെ പെറ്റീഷൻ ലിസ്റ്റ് വർദ്ധിച്ചപ്പോൾ മല്ലപ്പള്ളിയിലെ താലൂക്കിൽ പെടുന്ന പഞ്ചായത്തുകളിലെ കേസുകൾ റാന്നിയിലേക്ക് മാറ്റി. റാന്നിയിൽ പോകുന്നത് വളരെ ബുദ്ധിമുട്ടുള്ള കാര്യമാണ്. ഹൈക്കോടതിയുടെ മുൻഗണനാ ലിസ്റ്റിൽ ഉള്ളതുകൊണ്ട് അതിന് പ്രത്യേക പരിഗണന നല്കി സ്ഥാപിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രിക്കുവേണ്ടി ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി *(ശ്രീ. വക്കം പുരുഷോത്തമൻ)*: ഇക്കാര്യം പൂർണ്ണമായും ഗവൺമെന്റിന്റെ അധികാര പരിധിയിൽ വരുന്നതല്ല. മുൻഗണനാ ലിസ്റ്റിൽ ഉണ്ട്. എത്രാമതാണെന്ന് ഞാൻ പറയുന്നില്ല. പക്ഷേ അതിന്റെ ക്രമം അനുസരിച്ചല്ലാതെ പെട്ടെന്ന് കോടതിയുടെ നിർദ്ദേശത്തെ ഓവർ ലുക്ക് ചെയ്യാൻ നിർവ്വാഹമില്ല.

(23) വിദ്യാധിരാജ ചട്ടമ്പി സ്വാമികളുടെ ജയന്തിദിനം പൊതു അവധിയായി പ്രഖ്യാപിക്കണമെന്ന ആവശ്യം

ശ്രീ. ഷിബു ബേബി ജോൺ: വിദ്യാധിരാജ ചട്ടമ്പിസ്വാമിയുടെ ആശ്രമം എന്റെ മണ്ഡലത്തിലാണ് സ്ഥിതിചെയ്യുന്നത്. അവിടെ ഓരോ വർഷം കഴിയുന്തോറും ജയന്തി ആഘോഷങ്ങൾ വലിയ വിപുലമായിക്കൊണ്ടിരിക്കുകയാണ്. അന്ന് പൊതു അവധി പ്രഖ്യാപിക്കണമെന്നുള്ളതാണ് എന്റെ ആവശ്യം. മുൻപൊരിക്കൽ ആവശ്യപ്പെട്ടപ്പോൾ അത് നിരാകരിച്ചതാണ്. കൊല്ലത്ത് പല ഉൽസവങ്ങൾക്കു പോലും പ്രാദേശിക അവധി കൊടുക്കുന്നുണ്ട്. അത് പരിഗണിച്ചുകൊണ്ടെങ്കിലും ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് അനുകൂലമായ നിലപാടുണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രിക്കുവേണ്ടി ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി *(ശ്രീ. വക്കം പുരുഷോത്തമൻ)*: ഇപ്പോൾത്തന്നെ ഏറ്റവും കൂടുതൽ അവധി നൽകുന്ന സംസ്ഥാനമാണ് കേരളം. പല രാജ്യങ്ങളിലും അവിടെ ഭരിക്കുന്ന രാജാവ് മരിച്ചാൽ The King is dead എന്നു പറഞ്ഞ് ഒരു നിമിഷം മൗനം ആചരിച്ചിട്ട് പണിക്ക് പോകുകയാണ്. പല വികസിത രാജ്യങ്ങളിലും ചെയ്യുന്നതാണ്. നമ്മൾ ഇവിടെ ആവശ്യമില്ലാത്തതിലും കൂടുതൽ ഒഴിവ് കൊടുക്കുകയാണ്. എന്റെ വ്യക്തിപരമായ അഭിപ്രായം ഇപ്പോഴുള്ള അവധി തന്നെ കൂടുതലാണെന്നുള്ളതാണ്. അതുകൊണ്ട് എല്ലാ മതവിഭാഗത്തിലും ഇതുപോലെ ഗുരുക്കൻമാരുണ്ട്. പരിപാവനമായി കരുതുന്ന ദിവസങ്ങളുണ്ട്. അതിനെല്ലാം അവധി നൽകുന്നതിനോട് ഗവൺമെന്റിന് പൂർണ്ണമായും യോജിപ്പില്ല.

LIBRARY ARCHIVES Kerala Legislative Assembly